റിപ്പോർട്ടും സമർപ്പിക്കുന്നതിന് KSRTC Project Management Consultant ആയി നിയമിച്ചിട്ടുള്ള M/s. Hindustan Prefab Ltd.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ബസ് സ്റ്റാൻഡ് നവീകരണത്തിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. M/s. Hindustan Prefab Ltd., മാസ്റ്റർ പ്ലാനും DPR-ഉം സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കുന്നതിന് വീണ്ടും ശ്രമിക്കുന്നതാണ്. അല്ലാത്തപക്ഷം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യവും ആലോചിക്കാവുന്നതാണ്.

ശങ്കരമംഗലം ബസ് സ്റ്റോപ്പ് വിപുലീകരണം

252(1237) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആയിരക്കണക്കിന് യാത്രക്കാർ ആശ്രയിക്കുന്ന, ചവറ ശങ്കരമംഗലം ജംഗ്ഷനിൽനിന്നും കാട്ടിൽമേക്കതിൽ ക്ഷേത്രത്തിലേയ്ക്ക് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റോപ്പ് വിപുലീകരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ശങ്കരമംഗലം ജംഗ്ഷനിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുരോഗതി ഉണ്ടാകുന്ന മുറയ്ക്ക് ചവറ ശങ്കരമംഗലം ജംഗ്ഷനിൽ പുതുതായി ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതാണ്.

കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം

253(1238) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സ.ഉ. (സാധാ) നമ്പർ 349/2020/ഗതാ തീയതി 24-10-2020 ഉത്തരവ് പ്രകാരം കോന്നി കെ.എസ്.ആർ.ടി.സി ഡിപ്പോ നിർമ്മാണത്തിനായി ഭരണാനുമതി നൽകുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിലേക്ക് കെ.എസ്.ആർ.ടി.സി. 50 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കോന്നി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പോയ്ക്ക് വേണ്ടി മുൻ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച മൂന്ന് കോടി രൂപ ഉപയോഗിച്ച് ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. ഗ്യാരേജിന്റെ ഫിനിഷിംഗ് ജോലികൾ, വൈദ്യുതീകരണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. യാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കെ.എസ്.ആർ.ടി.സി.-യുടെ Project Management Consultancy ആയ M/s. HLL Lifecare Ltd.നെ ഏർപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തി ചെയ്യുന്നതിന് 6-5-2021-ൽ തനതു ഫണ്ടിൽ ഉൾപ്പെടുത്തി 1,45,30,893 രൂപയുടെ ഭരണാനുമതി കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ട്. പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകുന്നതിലുള്ള സാങ്കേതിക തടസ്സംമൂലം യാർഡിന്റെ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിയാൽ യാർഡിന്റെ പ്രവൃത്തികൂടി പൂർത്തിയാക്കി ഡിപ്പോ ഉദ്ഘാടനത്തിന് സജ്ജമാകുന്നതാണ്.

വടകര കെ.എസ്.ആർ.ടി.സി. ഇൻഫർമേഷൻ

254(1239) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിലെ ഇൻഫർമേഷൻ സെന്റർ നിർത്തലാക്കിയത് പരിശോധിക്കുകയുണ്ടായോ;

(ബി) പ്രസ്തുത ഇൻഫർമേഷൻ സെന്ററിന്റെ സേവനം നിർത്തലാക്കിയത് കാരണം ദൂരദേശങ്ങളിൽനിന്നും വരുന്നവർക്കും മറ്റ് യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി. സേവനങ്ങൾ ഉപയോഗിക്കുന്നതിന് തടസ്സമായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) മറ്റ് പൊതുഗതാഗത സൗകര്യങ്ങൾ അപ്രാപ്യമായ ഈ കോവിഡ് കാലത്ത് ഇത്തരം ഇൻഫർമേഷൻ സെന്ററുകൾ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായിരിക്കും എന്ന് സർക്കാർ കരുതുന്നുണ്ടോ?

ജനങ്ങൾക്ക് ഉപകാരപ്രദമായ വടകരയിലെ ഇൻഫർമേഷൻ സെന്റർ നിർത്തലാക്കിയിട്ടില്ല. പ്രദേശം കോവിഡ് വ്യാപനത്തെ തുടർന്ന് ടിപ്പിൾ ലോക്ക് ഡൗൺ ഏർപ്പെടുത്തിയപ്പോൾ മാത്രമാണ് ഇത് അടച്ചിട്ടിരുന്നത്.

(ഡി) എങ്കിൽ പ്രസ്തുത ഇൻഫർമേഷൻ സെന്റർ പുനഃസ്ഥാപിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ബാധകമല്ല.